"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം ആയുർവേദ ജില്ലാമെഡിക്കൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച എൻ.എസ്.ഫാത്തിമ യുടെ സഹോദരൻ ശ്രീ. എൻ.എസ്.ഫാസിൽ ന് ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ -നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/AYUSH തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/ഉഭപവ. തീയതി 24.05.1999.
2. സ.ഉ.(പി)നം.33/2014/ഉഭപവ..തീയതി 26.09.2014.
3. ശ്രീ. എൻ.എസ്.ഫാസിൽ സമർപ്പിച്ച 01.03.2021 ലെ അപേക്ഷ.
4. തിരുവനന്തപുരം ജില്ലാകളക്ടറുടെ 30.03.2022 ലെ DCTVM/6863/2021-S6 നം.കത്ത്.
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 20.07.2022 ലെ DISM/690/2022-E4 നം.കത്ത്.
6. ശ്രീ. എൻ.എസ്.ഫാസിൽ സമർപ്പിച്ച 07.10.2024 ലെ അപേക്ഷ.
7. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 05.11.2024 ലെ DISM/2314/2022- E4നം.കത്ത്.
8. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ നിന്നുള്ള 31.01.2026 ലെ എസ്.ഡി.3/8/2026-ജി.എ.ഡി നം. സർക്കാർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലാമെഡിക്കൽ ഓഫീസിൽ

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 24.08.2020 ൽ അന്തരിച്ച എൻ.എസ്.ഫാത്തിമ യുടെ സഹോദരൻ ശ്രീ.ഫാസിൽ എൻ.എസ്. സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. അപേക്ഷകനായ ശ്രീ.ഫാസിൽ എൻ.എസ്. ന് പ്ലസ്-ടു വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 54,000/-രൂപയാണെന്നും ഫാത്തിമ.എൻ.എസ്. ന്റെ മരണം വരെ സഹോദരനായ ശ്രീ.ഫാസിൽ എൻ.എസ്. ആശ്രിതനായിരുന്നു എന്ന തഹസിൽദാരുടെ ആശ്രിത സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരവകാശസാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രം നൽകിയിട്ടുണ്ടെന്നും പാരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതായും തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഭാരതീയ ചികിത്സാ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 13.01.2020-ൽ സേവനമാരംഭിച്ച എൻ.എസ്.ഫാത്തിമ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ ജോലി ചെയ്തു വരവേ 24.08.2020-ൽ അന്തരിച്ചിട്ടുള്ളതാണെന്നും ആശ്രിത നിയമന അപേക്ഷകനായ ടിയാളുടെ സഹോദരൻ ശ്രീ.ഫാസിൽ എൻ.എസ്. പ്ലസ് ടു യോഗ്യതയുള്ള ആളാണെന്നും ഭാരതീയ ചികിത്സാ വകുപ്പിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ഏതു വകുപ്പിലും ക്ലർക്ക് തസ്തികയിൽ നിയമനത്തിന് സമ്മതമാണെന്നത് സംബന്ധിച്ച സമ്മതപത്രവും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ടെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അന്തരിച്ച ഓഫീസ് അറ്റന്റന്റ് എൻ.എസ്.ഫാത്തിമ അവിവാഹിതയായിരുന്നു എന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

4. തുടർന്ന് പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലും, ആശ്രിതനിയമനവുമായി ബന്ധപ്പെട്ട് പിന്നീടുണ്ടായിട്ടുള്ള മറ്റു ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ ശ്രീ.ഫാസിൽ എൻ.എസ്. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലായെന്ന ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് ഒഴിവ് റിപ്പോർട്ട്

ചെയ്യുന്നതിലേക്കായി പൊതുഭരണ(സി.ഇ) സെൽ വകുപ്പിൽ അയച്ചിരുന്നു.

5. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടും എന്നതിനാൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.ഫാസിൽ എൻ.എസ്. പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചത് നിയമാനുസൃത സമയപരിധി കഴിഞ്ഞാണ്. ടിയാന്റെ വിദ്യാഭ്യാസ യോഗ്യത പ്ലസ്-ടു ആണെന്നതിനാൽ അനുഭാവപൂർവ്വം പരിഗണിച്ച് മേൽ തസ്തികയിലേക്ക് നിയമനം നൽകണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്തിരുന്നു.

6. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ നിയമനത്തിന്റെ ഭാഗമായി നടത്തിയ ശാരീരിക ക്ഷമതാ പരീക്ഷയിൽ ശ്രീ.ഫാസിൽ എൻ.എസ്. വിജയിച്ചിട്ടുണ്ടെന്ന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ആഭ്യന്തര (ബി) വകുപ്പ് അറിയിച്ചതിനെ തുടർന്ന് ശ്രീ.ഫാസിൽ എൻ.എസ്. ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊഫോർമ ഡീറ്റെയിൽസ് ക്യാൻസൽ ചെയ്ത് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിലേക്കായി പ്രൊഫോർമ ഡീറ്റൈൽസ് പൊതുഭരണ (സർവീസസ് -ഡി ) വകുപ്പിന് നൽകിയിരുന്നു.

7. തുടർന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ 13 ഒഴിവുകളിൽ, അവശേഷിക്കുന്ന 11 ഒഴിവുകളിൽ ഒരു ഒഴിവ് ശ്രീ.ഫാസിൽ എൻ.എസ്. ന് അനുവദിച്ച് നൽകാവുന്നതാണെന്ന് പരാമർശം (8) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അറിയിച്ചിരുന്നു.

8. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിലേക്കായി ശ്രീ.ഫാസിൽ എൻ.എസ്. പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചതിലെ കാലതാമസം പരിഹരിച്ച് നൽകികൊണ്ടും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ പരാമർശം (8) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാമെഡിക്കൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച എൻ.എസ്.ഫാത്തിമ-യുടെ സഹോദരൻ ശ്രീ.ഫാസിൽ എൻ.എസ്. (Thamanna, Kollamkavu, Pazhakutty PO, Nedumangad-695561) -ന് ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ്, ജയിൽ വകുപ്പ്, പൂജപ്പുര,

തിരുവനന്തപുരം - ന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**9.** ഏതെങ്കിലും കാരണത്താൽ അപേക്ഷകൻ ആവശ്യപ്പെട്ട ജില്ലയിൽ ആശ്രിത നിയമനം നൽകാൻ കഴിയാതെ വന്നാൽ പരാമർശം (1) സർക്കാർ ഉത്തരവ് ഖണ്ഡിക 28 ൽ പ്രതിപാദിക്കും പ്രകാരം അപേക്ഷകന്റെ ആനുകൂല്യം സംരക്ഷിച്ച് നൽകുന്നുണ്ടെന്ന് നിയമനാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

**10.** അപേക്ഷകന്റെ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാന് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്സ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. അപേക്ഷകന്റെ സീനിയോറിറ്റി സൂചന (2) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചയിക്കേണ്ടതാണ്.

**11.** ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്നവേളയിലോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്തോ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സർക്കാർ ജീവനക്കാരുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &. കറക്ഷണൽ സർവ്വീസ്, ജയിൽ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ.ഫാസിൽ എൻ.എസ്.,Thamanna, Kollamkavu, Pazhakutty PO, Nedumangad-695561. (Registered with AD)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.

5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (31.01.2026 ലെ എസ്.ഡി.3/8/2026-ജി.എ.ഡി നം. സർക്കാർ കത്ത്.)
6. ആഭ്യന്തര (ബി) വകുപ്പ് (02.06.2025 ലെ ബി3/384/2024/ആഭ്യന്തരം)
7. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/241/2022-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 20-02-2026 16:01:05

സെക്ഷൻ ഓഫീസർ